<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏർപ്പെടുത്തിയ മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാളിതുവരെയായി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ഈയിനത്തിൽ ഇൻഷ്വറൻസ് കമ്പനി ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25.07.2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (ബി) | മെഡിസെപ്പ് ആരംഭിച്ചതിനു ശേഷം ഏതൊക്കെ ആശുപത്രികളാണ് പുതുതായി ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത് വിശദമാക്കാമോ; | (ബി) | മെഡിസെപ്പ് ആരംഭിച്ചതിനു ശേഷം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ/ ചികിത്സാ വിഭാഗങ്ങളുടെ ലിസ്റ്റ് മെഡിസെപ് പോർട്ടലിലെ (www.medisep.gov.in) ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. കൂടാതെ മെഡിസെപ്പിൽ വ്യക്തിഗത ലോഗിനിൽ കയറിയും ആശുപത്രികളുടെ/ ചികിത്സാ വിഭാഗങ്ങളുടെ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. |
| (സി) | മെഡിസെപ്പ് ക്ലെയിം സെറ്റിൽ ചെയ്യുന്നതിന് രണ്ട് ദിവസം വരെ ചില ആശുപത്രികളിൽ താമസമുണ്ടാകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തെറ്റായ നടപടികൾ സ്വീകരിക്കുന്ന ആശുപത്രികൾക്കെതിരെ MoU പ്രകാരമുള്ള നടപടിയെടുക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തെറ്റായ നടപടികൾ സ്വീകരിക്കുന്ന ആശുപത്രികൾക്കെതിരെ MoU പ്രകാരമുള്ള നടപടിയെടുക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ